(ഇ) 24080 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത എല്ലാ കേസ്സുകളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കേസ്സുകളിൽ 540 പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(എഫ്,ജി,എച്ച്) ഇത്തരം പരാതികൾ അന്വേഷണത്തിലാണ്.

86 (104) ആരാധനാലയങ്ങളിലെ മോഷണങ്ങൾ

ശ്രീ.കെ.മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര മോഷണങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇതിൽ ദേവാലയ മോഷണങ്ങൾ എത്ര;

(സി) ഓരോ മതത്തിലും പെടുന്നവരുടെ എത്ര ആരാധനാലയങ്ങളിൽ മോഷണം ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം '35754' മോഷണങ്ങൾ നടന്നിട്ടുണ്ട്.

(ബി) 1432 ദേവാലയ മോഷണങ്ങൾ.

(സി)

ഹിന്ദു ക്ഷേത്രങ്ങൾ	-	951
ക്രിസ്ത്യൻ പള്ളികൾ	-	409
മുസ്ലീം പള്ളികൾ	-	72
ആകെ		1432

87 (105) 1997 മുതൽ 2000 വരെ രജിസ്റ്റർചെയ്ത മോഷണ കേസ്സുകൾ

ശ്രീ.ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) അരീക്കോട്, മഞ്ചേരി എന്നീ പോലീസ് സ്റ്റേഷൻ അതിർത്തിക്കുള്ളിൽ 1997,1998,1999,2000 നവംബർ വരെ എത്ര മോഷണക്കേസ്സുകൾ രജിസ്റ്റർ ചെയ്തു;

(ബി) ഓരോ വർഷവും രജിസ്റ്റർ ചെയ്ത കേസ്സുകളിലെ എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്തുവോ;

(സി) ഇല്ലെങ്കിൽ എത്ര കേസ്സുകളിൽ എത്ര പ്രതികളെ വീതം അറസ്റ്റ് ചെയ്യാനുണ്ട്; ഇവരെ എന്നത്തേയ്ക്ക് അറസ്റ്റ് ചെയ്യുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 97,98,99,2000 നവംബർ വരെ മഞ്ചേരി പോലീസ് സ്റ്റേഷനിൽ യഥാക്രമം 39,36,48,59 ഉം അരീക്കോട് സ്റ്റേഷനിൽ യഥാക്രമം 15,19,13,12 ഉം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) മഞ്ചേരി പോലീസ് സ്റ്റേഷൻ.

1997-ൽ തെളിയിക്കപ്പെട്ട 19 കേസ്സുകളിലായി 34 പ്രതികളുണ്ട്. ഇവരിൽ ഒരാൾ ഒഴികെ ബാക്കിയുള്ളവർ അറസ്റ്റുചെയ്യപ്പെട്ടു. 1998-ൽ തെളിയിക്കപ്പെട്ട 13 കേസ്സുകളിലെ 20 പ്രതികളിൽ 19 പേരെ അറസ്റ്റുചെയ്തു. 1999-ൽ തെളിയിക്കപ്പെട്ട 12 കേസ്സുകളിൽ 22 പ്രതികളെയും അറസ്റ്റു ചെയ്തു. 2000-ൽ തെളിയിക്കപ്പെട്ട 28 കേസ്സുകളിലെ 33 പ്രതികളിൽ എല്ലാവരേയും അറസ്റ്റു ചെയ്തിട്ടുണ്ട്.

അരീക്കോട് പോലീസ് സ്റ്റേഷൻ

1997-ൽ തെളിയിക്കപ്പെട്ട 6 കേസ്സുകളിലെ 17 പ്രതികളിൽ 16 പേരെ അറസ്റ്റുചെയ്തു. 1998-ൽ തെളിയിക്കപ്പെട്ട 6 കേസ്സുകളിലെ 13 പ്രതികളിൽ 12 പേരെ അറസ്റ്റുചെയ്തു. 1999-ൽ തെളിയിക്കപ്പെട്ട 5 കേസ്സുകളിലെ 8 പ്രതികളേയും അറസ്റ്റുചെയ്തു. 2000-ൽ തെളിയിക്കപ്പെട്ട 2 കേസിലെ 6 പ്രതികളേയും അറസ്റ്റു ചെയ്തിട്ടുണ്ട്.

88 (106) മഞ്ചേരി, അരീക്കോട്, കൊണ്ടോട്ടി പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത മോഷണക്കേസ്സുകൾ

ശ്രീ.ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 വർഷങ്ങളിൽ മഞ്ചേരി, അരീക്കോട്, കൊണ്ടോട്ടി പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത മോഷണക്കേസ്സുകൾ എത്ര;

(ബി) ഈ കേസ്സുകളിൽ ഉൾപ്പെട്ട എത്ര പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്;

(സി) എത്ര പ്രതികളെ ഇനിയും അറസ്റ്റുചെയ്യാനുണ്ട്;

(ഡി) അറസ്റ്റ്ചെയ്ത എത്ര പ്രതികളെ കോടതി ശിക്ഷിച്ചിട്ടുണ്ട്?

ഉത്തരം

(എ) 1999-2000 വർഷങ്ങളിൽ മഞ്ചേരി സ്റ്റേഷനിൽ യഥാക്രമം 48,59-ഉം അരീക്കോടിൽ 13,12-ഉം കൊണ്ടോട്ടിയിൽ 38,31 വീതം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 1999-2000 വർഷങ്ങളിൽ മഞ്ചേരി സ്റ്റേഷനിൽ യഥാക്രമം 22,33-ഉം അരീക്കോടിൽ 6,6 ഉം കൊണ്ടോട്ടിയിൽ 37,30-ഉം പ്രതികളെ വീതം അറസ്റ്റുചെയ്തിട്ടുണ്ട്.

(സി) 1999, 2000 വർഷങ്ങളിൽ മഞ്ചേരി സ്റ്റേഷനിൽ യഥാക്രമം 33,29-ഉം അരീക്കോട് 8,7-ഉം കൊണ്ടോട്ടിയിൽ 6,8-ഉം വീതം പ്രതികളെ വീതം പിടികൂടാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly